# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038. KERALA
PHONE 8499 8234

വാല്യം 5 | 1984 ജനുവരി 9 | ലക്കം 1


# മലങ്കര അസോസിയേഷൻ: ഫാ. മത്തായി നൂറനാൽ വൈദിക ട്രസ്റ്റി

സ്റ്റാഫ് എഡിറ്റർ



കൃതജ്ഞതയോടെ: [illegible] സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട [illegible]



മലങ്കര മെത്രാപ്പോലീത്തായുടെ കൂട്ടു ട്രസ്റ്റിമാർ: ഫാ. നൂറനാൽ, അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം എന്നിവർ പ. ബാവായോടൊപ്പം.

കോട്ടയം: 1987 ഡിസംബർ 29 ന് കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ മലങ്കര സഭയുടെ വൈദിക ട്രസ്റ്റിയായി ഫാ. മത്തയായി നൂറനാലിനെ തിരഞ്ഞെടുത്തു.

സാധുവായ 1832 വോട്ടുകളിൽ 917 വോട്ടുകളാണ് വൈദികട്രസ്റ്റിസ്ഥാനത്തേക്ക് വിജയിക്കുവാൻ വേണ്ടിയിരുന്നത്. മൂന്നാം റൗണ്ടിൽ 1006 വോട്ടുകൾ നേടിയാണ് ഫാ. നൂറനാൽ തിരഞ്ഞെടുക്കപ്പെട്ടത്. ഒന്നാം റൗണ്ടിൽ 756 വോട്ടുകൾ അദ്ദേഹം നേടിയിരുന്നു.

ഫാ. മത്തായി വിലനിലം, സി. വി. ജോർജ് കോർ എപ്പിസ്കോപ്പാ, ജോർജ് സഖറിയാ കോർ എപ്പിസ്കോപ്പാ എന്നിവരാണ് ഫാ. നൂറനാലിനോടൊപ്പം മത്സര രംഗത്തുണ്ടായിരുന്നത്.

അസോസ്യേഷൻ പ്രസിഡൻറു കൂടിയായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

വൈദിക ട്രസ്റ്റിയായിരുന്ന കോനാട്ട് ഏബ്രഹാം കത്തനാരുടെ നിര്യാണം മൂലം ഒഴിവുവന്നസ്ഥാനത്തേക്കാണ് ഫാ. നൂറനാൽ തിരഞ്ഞെടുക്കപ്പെട്ടത്.

കൈമാററം ചെയ്യാവുന്ന ഒററ വോട്ടു സമ്പ്രദായമനുസരിച്ചാണ് വൈദിക ട്രസ്റ്റിസ്ഥാനിയെ തിരഞ്ഞെടുത്തത്. എന്നാൽ ഒരു സ്ഥാനാർത്ഥിക്കും നിർദ്ദിഷ്ട ഭൂരിപക്ഷം ലഭിക്കാതെ വന്നതുമൂലം സുൽത്താൻ ബത്തേരി ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്താ സ്ഥാനിയെ തിരഞ്ഞെടുക്കുവാൻ സ

(ശേഷം 6–ാം പേജിൽ)

## സഭയുടെ വളർച്ച എൻെറ ലക്ഷ്യം

ഫാ: നൂറനാൽ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ വളർച്ചയും ഉയർച്ചയും മാത്രമായിരിക്കും തൻെറ പ്രധാന ലക്ഷ്യം എന്നും അതിനുവേണ്ടി മരണംവരെയുംനിലകൊള്ളുമെന്നും ഫാ: മത്തായി നൂറനാൽ പ്രസ്താവിച്ചു.

1987 ഡിസംബർ 29–ാം തീയതി നടന്ന മലങ്കര അസോസ്യേഷൻ യോഗത്തിൽ സഭയുടെ വൈദിക ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം നന്ദിപ്രകടനം നടത്തുകയായിരുന്നു അദ്ദേഹം.

ഈ സഭ എന്നിൽ അർപ്പിച്ച വിശ്വാസം, അണുവിട കോട്ടം തട്ടാതെ പരിരക്ഷിക്കുന്നതിൽ ഞാൻ ബദ്ധശ്രദ്ധനായിരിക്കും. അദ്ദേഹം തുടർന്നു.

ഇന്ന് ഇവിടെ നടന്ന വൈദിക ട്രസ്റ്റി തിരഞ്ഞെടുപ്പിൽ നിങ്ങൾ എനിക്കു നൽകിയ അംഗീകാരവും വമ്പിച്ച പിന്തുണയും ഞാൻ പരിപൂർണ്ണമായി അംഗീകരിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികട്രസ്റ്റിയായി നിങ്ങൾ എന്നെ തിരഞ്ഞെടുത്തതിൽ എനിക്കുള്ള കൃതജ്ഞതയും സന്തോഷവും ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നു് ഞാൻ രേഖപ്പെടുത്തുന്നു. ഈ സ്ഥാനത്തിൻെറ ശ്രേഷ്ഠവും പാവനവും ആയ മഹിമ ഞാൻ പരിപൂർണ്ണമായി സംരക്ഷിക്കുന്നതാണെന്നു് ഈ അവസരത്തിൽ നിങ്ങൾക്ക് ഉറപ്പു നല്കുന്നു. പ: കാതോലിക്കാബാവായോടും, പ: എപ്പി

(ശേഷം 6–ാം പേജിൽ)

## മലങ്കരസഭ ഒരു ദേശീയസഭ: പ. ബാവാ

(1987 ഡിസംബർ 29–ാം തീയതി കോട്ടയം എം. ഡി. സെമിനാരി അങ്കണത്തിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.)

നമ്മുടെ വാൽസല്യവാൻമാരായ സഹോദര മെത്രാപ്പോലീത്തന്മാരേ, നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുമായി വന്നുകൂടിയിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട വൈദികരേ, നമ്മുടെ അരുമസന്താനങ്ങളായിരിക്കുന്ന അത്മായ പ്രതിനിധികളേ,

മലങ്കര അസോസ്യേഷൻെറ ഈ സമ്മേളനം എത്ര വലിയ ആനന്ദമാണ് നിങ്ങളുടെ ഹൃദയങ്ങളിലെന്നപോലെ ബലഹീനനും വയോധികനുമായ നമ്മുടെ ഹൃദയത്തിലും പകർന്നു തരുന്നത്. ദൈവം തമ്പുരാൻ നമ്മോടു ചെയ്യുന്ന കരുണയുടെയും സ്നേഹത്തിൻെറയും പ്രത്യക്ഷമായ തെളിവാണ് മലങ്കര സഭയുടെ ഈ മഹാസമ്മേളനം.

നമ്മുടെ കർത്താവായ യേശുമിശിഹായുടെ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഒരുവനും

(ശേഷം 2–ാം പേജിൽ)




## അദ്ധ്യായം നാല്

എട്ടാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ അസ്സിറിയാസാമ്രാജ്യത്തിൻെറ ശക്തി ക്ഷയിച്ചു. വർഷങ്ങൾ കഴിയുന്തോറും സാമ്രാജ്യം തകർന്നുകൊണ്ടിരുന്നു. പാലസ്തീൻ നാട്ടിലെ ഏഴ് രാജ്യങ്ങൾ സ്വതന്ത്രങ്ങളായി കഴിഞ്ഞു. സിറിയ, ഫെലിസ്ത്യ, ഏദോ, അമ്മോൻ, മേവാബ്, യഹൂദ, ടയർ എന്നിവയാണ് ആ രാജ്യങ്ങൾ.

ഈ രാജ്യങ്ങൾ സ്വതന്ത്രങ്ങളായതോടെ അവർ പരസ്പരം പോരടിക്കാൻ ആരംഭിച്ചു. രാജ്യങ്ങളിൽ സമാധാനം നഷ്ടപ്പെട്ടു. നിരന്തരമായ ആക്രമണങ്ങൾ മൂലം ജനങ്ങൾ അസ്വസ്ഥരായിരുന്നു. കൂടെക്കൂടെയുള്ള യുദ്ധങ്ങൾ കാരണം രാജ്യങ്ങളിൽ പട്ടാളത്തലവന്മാർ ഉണ്ടായി. അവരുടെ ഉത്തരവനുസരിച്ചാണ് പിന്നെ രാജ്യം ഭരിക്കേണ്ടതെന്ന ഗതികേട് വന്നു. അതോടെ ഭരണം തകർന്നു. അടിമവ്യാപാരം കഠിനമായി.

ഇസ്രേൽ രാജ്യം ഈ കാലത്ത് ഭരിച്ചിരുന്നത് യൊരോബെയാം എന്ന രാജാവായിരുന്നു. ദുഷ്ടനും ക്രൂരനുമായിരുന്നു യൊരൊബെയാം. യൊരൊബെയാം ആദ്യം ശ്രമിച്ചതു് സാമ്രാജ്യം വികസിപ്പിക്കാനായിരുന്നു. അതിനുവേണ്ടി ഏതു് ദുഷ്ട പ്രവൃത്തിയും ചെയ്യാൻ അയാൾ മടിച്ചില്ല. എന്നാൽ യൊരൊബെയാം ബുദ്ധിമാനായിരുന്നു. അതീവ സമർത്ഥൻ. താൻ ആക്രമിച്ച് കീഴടക്കുന്ന രാജ്യത്തിലെ സമ്പത്തുകൾ അയാൾ കത്തികോരി കൊണ്ടുവരുമ്പോൾ തൻെറ പട്ടാള മേധാവികൾക്ക് അതിൻെറ ഭാഗം കൊടുക്കുമായിരുന്നു. പാരിതോഷികങ്ങളും അടിമ സ്ത്രീകളും അവർക്കു ധാരാളമായി ലഭിച്ചതോടെ രാജാവ് അവരുടെ ദൈവമായി.

യൊരൊബെയാം പറയുന്നതിൻെറ ഇരട്ടി അവർ ചെയ്യുമായിരുന്നു. കൊള്ളയും കൊലപാതകവും അവരുടെ വിനോദമായിരുന്നു. യൊരൊബെയാമിൻെറ കൊട്ടാര മുററത്ത് ഒരു കളിക്കളമുണ്ടായിരുന്നു. പ്രസിദ്ധരായ മല്ലന്മാരും അടിമകളുമായി യുദ്ധം ചെയ്യിക്കുക രാജാവിൻെറ ഒരു വിനോദമായിരുന്നു. ശത്രുപക്ഷത്തു് നിന്നു പിടിക്കുന്ന ആൾക്കാരോട് നേരത്തെ തന്നെ മഹാരാജാവിൻെറ ദൂതൻ എത്തി ഇങ്ങനെ പറയുന്നു.

## തുളസിക്കോട്ടക്കൽ

'മഹാരാജാവ് നീതിമാനാണ്". ശത്രുവിനെ ഏതു രാജാവും വധിക്കും' എന്നാൽ ഞങ്ങളുടെ നീതിമാനായ രാജാവ് ശത്രുവിനെയും സ്നേഹിക്കുന്നു. അവൻെറ വീരത്വത്തെ ബഹുമാനിക്കുകയും ചെയ്യുന്നു. കൊട്ടാരത്തിലെ പ്രശസ്തരായ മല്ലന്മാരുമായി നിങ്ങൾ മല്ലയുദ്ധം നടത്തുക. ഒരാളെ തോല്പിച്ചാൽ എല്ലാ ബഹുമതികളോടെയും നിങ്ങളെ മോചിപ്പിക്കും. നിങ്ങളുടെ വീരത്വത്തെ രാജാവ് ബഹുമാനിക്കുന്നു....'

യൊരൊബെയാമിൻെറ ബുദ്ധിയാണതു്. തൻെറ ശത്രുവിനെ ഏതു സ്ഥലത്തുവച്ചും നിഷ്പ്രയാസം നശിപ്പിക്കാനുള്ള പദ്ധതിയാണ് അദ്ദേഹം നടപ്പിലാക്കിയതു്. അതിൽ അദ്ദേഹം വിജയിച്ചു. പാപമില്ലാതെ ഇരിക്കാൻ ഈ പദ്ധതി വിജയിക്കുമെന്നദ്ദേഹം കണ്ടുപിടിച്ചു. ദൈവികമായ ഒരു പദ്ധതിയായി യൊരൊബെയാം ഇതിനെ ഗണിച്ചു. എന്നാൽ ഓരോ നിമിഷം കഴിയുന്തോറും അവൻ തൻെറ ശത്രുക്കളെ ആ രീതിയിൽ വകവരുത്തുകയായിരുന്നു.

അന്നും ആ ഉത്സവം ഉണ്ടായിരുന്നു.

യുദ്ധം കാണാൻ ആളുകൾ കൂട്ടമായി പോകുന്നു. അവർ ആ പുൽപ്രദേശത്തിന് ചുററും നിരന്നിരിക്കുന്നു. കൂട്ടത്തിലും യൊരൊബെയാമിൻെറ ആൾക്കാരും യുദ്ധകൊതിയന്മാരും തന്നെ. അസ്സിറിയായിലെ പ്രജകൾ നന്നേ കുറവാണവിടെ.

അപ്പോഴേക്കും ഒരു പ്രകാശം പരന്നു കഴിഞ്ഞു.

സായാഹ്നമാവുന്നതിനുമുമ്പ് ദീപയഷ്ടികളാൽ പ്രകാശം പരത്തുന്ന തൂക്കി പിടിച്ച തൂണീരങ്ങളുമായി അനേകം കന്യകമാർ വന്നു കഴിഞ്ഞു. അവരുടെ പിൻപററി മഹാരാജാവും സർവ്വസൈന്യാധിപന്മാരും കുറേ സൈന്യനായകരും അവർ എല്ലാം യുദ്ധം കാണാൻ എത്തിയിരിക്കുകയാണ്.

പെട്ടെന്നു് മല്ലയുദ്ധക്കളത്തിൽ ഒരു അലർച്ച കേട്ടു.

രാജാവ് ആ ശബ്ദം കേട്ട് പുഞ്ചിരിച്ചു.

മററുള്ളവർ ഭയന്നു വിറച്ചു.

അവർ കളിക്കളത്തിലേക്കു നോക്കിയിരിക്കേ തറ ചവിട്ടിമെതിച്ചുകൊണ്ട് ഒരാൾ രംഗത്ത് എത്തി.

മല്ലൻ....മല്ലൻ കാണികൾ മന്ത്രിച്ചു–

അവരുടെ മനസ്സിൽ ഭയത്തിൻെറ നാമ്പ് കിളിർത്തു. ആരും ഈ മല്ലനെ ജയിക്കാൻ സാധ്യമല്ല. അത്ര ശക്തനാണവൻ. മല്ലൻെറ ശക്തിയെക്കുറിച്ച് ഓരോരുത്തരും തർക്കിച്ചു.

'ആ കാണുന്ന വലിയ പാറയെടുത്താണ് മല്ലൻ അമ്മാനമാടുന്നതു്'' ഒരാൾ പറഞ്ഞു.

'അതു് എത്ര നിസ്സാരം. കൊട്ടാരത്തിലെ ആനയുടെ ചങ്ങലക്ക് പിടിച്ച് അതിനെ നിർത്തുന്നതു് ഞാൻ കണ്ടിട്ടുണ്ട്...'

അയ്യോ ഈ മല്ലൻ അത്ര നിസ്സാരനല്ല, അവനെ ജയിക്കാൻ ആരും കാണില്ല. ഇങ്ങനെ ഓരോരുത്തരും ഓരോ അഭിപ്രായം പറയുമ്പോഴേക്കും മല്ലൻ യുദ്ധക്കളത്തിൽ അലറി തകർക്കുകയായിരുന്നു–

പെട്ടെന്നു് ഒരു ചങ്ങല കിലുക്കം കേട്ടു.

എല്ലാവരും അങ്ങോട്ട് ശ്രദ്ധിച്ചു. ഒരു പററം അടിമകളെ ചങ്ങലക്കിട്ടുകൊണ്ടു വരികയാണ്. അവരിൽ ഓരോരുത്തരും മല്ലനോട് യുദ്ധം ചെയ്യണം. മല്ലനു് അവരെ കൊല്ലാം. മല്ലനെ അവർക്കും കൊല്ലാം. പക്ഷേ അതൊരിക്കലും നടക്കില്ല. മല്ലൻ അത്ര ശക്തനാണ്. ഹെർക്കുലിസ്സാണ് അവനെന്നു് സ്വയം പറയുന്ന ശക്തനാണ്....

യൊരൊബെയാമിൻെറ ആൾക്കാർ മല്ലയുദ്ധത്തിന് പ്രോത്സാഹനം കൊടുത്തു. അവർ കയ്യടിച്ചും ആർപ്പു വിളിച്ചും പ്രോത്സാഹിപ്പിച്ചു. ഈ സമയത്തു് ഒരടിമയെ മല്ലൻെറ അടുത്തേക്ക് വിട്ടു. മല്ലൻ അടുത്ത നിമിഷത്തിൽതന്നെ അടിമയെ എത്തിപ്പിടിച്ചു. അടിമ അവനെ തൊഴുതു. തന്നെ കൊല്ലല്ലേ എന്നു് യാചിച്ചു. അഹങ്കാരംകൊണ്ടു് ഇരുട്ട് കയറിയ ചെവിയുള്ള മല്ലൻ അതൊന്നും കേട്ടില്ല. അവൻ പാവം അടിമയെ എത്തി പിടിച്ചു. ആകാശത്തിൽ വട്ടംചുഴററി. ഒററയടിക്ക് തറയിൽ അവൻെറ ശിരസ്സ് ചിതറി. രക്തത്തിൽ കുതിർന്ന അവൻ പിടഞ്ഞു. ഒരുനിമിഷം കഴിഞ്ഞു. എല്ലാം അവസാനിച്ചു–

ഓരോ അടിമയും ഇങ്ങനെ മരിച്ചുകൊണ്ടിരിക്കുന്നു–

യൊരൊബെയാമിൻെറ മനസ്സ് കുളിർത്തു.

പക്ഷേ വരാൻപോകുന്ന അഗ്നിയെ അവൻ കണ്ടില്ല. അവനു് ചുററും അഗ്നി കത്താൻ തുടങ്ങുന്നതു് അവൻ അറിയുന്നില്ല.

(തുടരും

കവിത

## ദൈവ പുത്രൻെറ ജ്ഞാനസ്നാനം

1 ജ്ഞാനസ്നാനം നടത്താൻ, മഹിമപുലരുമെൻ
ദൈവപുത്രൻ, സഹർഷം
ദാനം, സ്നാനം കഴിപ്പോന, ശരണശരണൻ
സ്നാപകൻ തൻെറ മുന്നിൽ
ഗാനം, ലോലം സ്വരത്താലരുളി: ''യിവനെയും
പുണ്യമാകും ജലത്താ–
ലാനന്ദിപ്പിയ്ക്കു ബോധംതെളിയുമതുവിധം;
മാർഗ്ഗദീപം മഹാത്മൻ!''

2 ''കുഞ്ഞായിക്കണ്ടിടും നീ, സകലഭുവനവും
നാഥനായ് വാണിടുന്നോൻ,
നഞ്ഞാകും പാപമെല്ലാം വിമലജലമതും
വീണ്ടുതൻ ധാരയാക്കും;
ഈ ഞാൻ, പിന്നെ വിശേഷാൽ സലിലനിറകുടം
പേറി, നിന്നെ പ്രമോദം
സ്നാനം ചെയ്യിച്ചിടാമോ?'' മറുപടി, വിനയം,
ചൊല്ലിയാ സ്നാപകാഖ്യൻ.

3 ''പുണ്യം വെള്ളത്തിനാൽ നീ നിഖിലമനുജർതൻ
മാനസം വെണ്മപൂശും;
തിണ്ണം, പിന്നീടിവൻ, വൻഗിരിമുകളൊളിയായ്
ശുദ്ധവേദാന്തമോതാം;
ദണ്ണം പോക്കീടുവാനായിരുളല മറയാ–
നേവരും വേണ''മെന്നീ–
വണ്ണംചൊല്ലീ മഹാനാം യരുശലശിശുവാം
ക്രിസ്തുദേവൻ, പ്രകർഷം!

4 യോഹന്നാൻതന്നെ വന്ന, ങ്ങമിത വിനയവും
ചൂടി, ദേവാലയത്തിൽ,
മാഹാത്മ്യം തേടുമീശൻ മിശിഹയെ ജലബി–
ന്ദുക്കളാൽ ശുദ്ധിചെയ്യാൻ;
ആഹാ! വെൺപ്രാവുരൂപം, പരമവിമലനാം
റൂഹയും വന്നുചേർന്നാൻ;
മോഹത്തിൽനിന്നുണർന്നങ്ങഖില മനുജരും
കേൾക്കയായഗ്നിവാക്യം.

ഹരിപ്പാട്ട് വാമനൻ നമ്പൂതിരി

